"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - മലപ്പുറം മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിലെ സ്ഥിരം തൊഴിലാളിയായ ശ്രീ.മനോജ്.എസ്-ന് ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.118/2025/AGRI തീയതി,തിരുവനന്തപുരം, 15-02-2025

---

പരാമർശം:- 1. സ.ഉ(സാധാ)നം.647/2023/കൃഷി തീയതി 04.07.2023.

2. കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 15.06.2024, 07.10..2024 എന്നീ തീയതികളിലെ ADFW/5970/2024/LW(1) നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

മലപ്പുറം മുണ്ടേരി വിത്ത് കൃഷി തോട്ടത്തിലെ സ്ഥിരം തൊഴിലാളിയായ ശ്രീ.മനോജ്.എസ്, ടിയാന്റെ അമ്മയുടെ ചികിത്സയുമായി ബന്ധപ്പെട്ട് 18.4.2023 മുതൽ 20-11-2023-വരെയുള്ള 217 ദിവങ്ങളിലേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

മലപ്പുറം ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും അച്ചടക്കനടപടിയുടെ ഭാഗമായി സംസ്ഥാന വിത്തുൽപാദന കേന്ദ്രം, തവനൂരിലേക്ക് ശ്രീ.മനോജ്.എസ്.നെ മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 31/03/2023 ലെ ഉത്തരവ് പ്രകാരം സ്ഥലം മാറ്റിയിരുന്നു. ശ്രീ.മനോജ്.എസ്. തവനൂർ സംസ്ഥാന വിത്തുൽപാദന കേന്ദ്രത്തിൽ 17/04/2023 ൽ ജോലിയിൽ പ്രവേശിക്കുകയും മുൻകൂർ അവധി അപേക്ഷ സമർപ്പിക്കാതെ 18.04.2023 മുതൽ ജോലിക്ക് ഹാജരാകാതിരുന്ന ടിയാൻ 12.05.2023 ൽ 90 ദിവസത്തേയ്ക്ക് ശൂന്യവേതനാവധിയ്ക്ക് അപേക്ഷിക്കുകയും ആയത് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അല്ലാത്തതിനാൽ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിരസിക്കുകയും ചെയ്തു. പരാമർശം (1) ഉത്തരവ് പ്രകാരം നിയമനാധികാരിയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ അല്ലാതെ ഫാം തൊഴിലാളികൾക്ക് 120 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കാമെന്ന് ഉത്തരവായതിനെ തുടർന്ന് ടിയാൻ അതേ അപേക്ഷ വീണ്ടും സമർപ്പിച്ചിരുന്നു. ആയതിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നതിനിടെയാണ് പരാമർശം (2) പ്രകാരം 17.10.2023 ന് അമ്മയുടെ ചികിത്സാർത്ഥം 18.04.2023 മുതൽ 9 മാസത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള പുതിയ അപേക്ഷ സമർപ്പിച്ചത്. ടിയാൻ മുൻകൂറായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും ആയതിന്മേൽ ബന്ധപ്പെട്ട നിയന്ത്രണാധികാരി അച്ചടക്കനടപടി

സ്വീകരിക്കുകയോ/ശുപാർശ ചെയുകയോ ചെയ്തിട്ടില്ല എന്നും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (2)-ലെ, 07/10/2024-ലെ, കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. മലപ്പുറം ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും അച്ചടക്ക നടപടിയുടെ ഭാഗമായി സംസ്ഥാന വിത്തുൽപാദന കേന്ദ്രം, തവനൂരിലേക്ക് മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 31/03/2023 ലെ ഉത്തരവ് പ്രകാരം സ്ഥലം മാറ്റിയ ശ്രീ. മനോജ് എസ് ,16 ദിവസം കഴിഞ്ഞ് 17/04/2023 ലാണ് ജോലിയിൽ പ്രവേശിച്ചത് .തുടർന്ന് 18/04/2023 മുതൽ 20/11/2023 വരെയുള്ള 217 ദിവസങ്ങളിലേയ്ക്കാണ് ശൂന്യവേതനാവധിയ്ക്കായി അപേക്ഷ സമർപ്പിച്ചിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.മനോജ്.എസ്-ന്റെ ഭാഗത്തു നിന്നും ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കുകയാണെങ്കിൽ കർശന അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ, ശ്രീ. മനോജ് എസ്. അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 18/04/2023 മുതൽ 20/11/2023 വരെയുള്ള 217 ദിവസം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K SURESHKUMAR
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (28-01-2025 ലെ Agri-B2/315/2024-FIN (2958308) പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Premchand C P
Date: 17-02-2025 12:11:57
സെക്ഷൻ ഓഫീസർ